**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **12-12-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപേഴ്സ് ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപേഴ്സ് ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങൾ അംഗത്വമെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | (എ) അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ 31644 വർക്കർമാരും 27687 ഹെൽപ്പർമാരും അംഗത്വമെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ഷേമനിധിയിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വിഹിതം എത്രയാണെന്നും അവർക്ക് ലഭിക്കുന്ന പെൻഷൻ എത്രയാണെന്നും അറിയിക്കാമോ; | (ബി) | (ബി) അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിലേക്ക് അങ്കണവാടി വർക്കർമാർ 500/- രൂപയും അങ്കണവാടി ഹെൽപ്പർമാർ 250/- രൂപയും ക്ഷേമനിധി വിഹിതമായി പ്രതിമാസം അടയ്ക്കുന്നു. അങ്കണവാടി വർക്കർമാർക്ക് 2500/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് 1500/- രൂപയും പ്രതിമാസ പെൻഷനായി നൽകി വരുന്നു. |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് ഈ ക്ഷേമനിധിയിൽ നിന്ന് ലഭിക്കുന്നതെന്നും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സഹായധനം എത്രയാണെന്നും വിശദമാക്കാമോ? | (സി) | (സി) അങ്കണവാടി ജീവനക്കാർ ആയി സേവനം അനുഷ്ഠിക്കുന്നവർക്ക് നല്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>വിരമിച്ച അങ്കണവാടി വർക്കർമാർക്ക് 2500/- രൂപയും ഹെൽപ്പർമാർക്ക് 1500/- രൂപയും പ്രതിമാസം പെൻഷനായും, അങ്കണവാടി വർക്കർമാർക്ക് 15000/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് 10000/- രൂപയും ഗ്രാറ്റുവിറ്റി ആയും നൽകി വരുന്നു. ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം ബെനിഫിറ്റായും നൽകുന്നു. അങ്കണവാടി ജീവനക്കാരായിരിക്കെ രാജിവച്ചവർക്ക് (കുറഞ്ഞത് 60 മാസത്തെ ക്ഷേമനിധി വിഹിതം അടച്ചവർക്ക്) ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം ആനുകൂല്യമായി നൽകുന്നു. മരണപ്പെട്ട ജീവനക്കാർക്കുള്ള (കുറഞ്ഞത് 24 മാസം ക്ഷേമനിധി വിഹിതം അടച്ചവർക്ക്) മരണാനന്തരാനുകൂല്യമായി 10000/-രൂപ + ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം നൽകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| നമ്പർ | ഇനം | മാനദണ്ഡം | തുക |
|---|---|---|---|
| 1 | വൈദ്യ സഹായം | കാൻസർ, കുഷ്ഠം, ക്ഷയം, ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങൾ, വൃക്ക മാറ്റിവയ്ക്കൽ എന്നിവയ്ക്ക് വിധേയരാകുന്ന അംഗങ്ങളുടെ ചികിത്സക്കും മരുന്നിനുമായി ഈ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതാണ്. രോഗങ്ങൾ കാരണം മേജർ ശസ്ത്രക്രിയ നടത്തേണ്ടി വരുന്ന അംഗങ്ങൾക്കും ഇത്തരത്തിലുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഇതനുസരിച്ച് ഒരംഗത്തിന് അവർ ഫണ്ടിൽ അംഗമായി തുടരുന്ന കാലഘട്ടത്തിൽ ആകെ നൽകാവുന്ന ധനസഹായം 5000/- രൂപയായിരിക്കും ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഏറ്റവും കുറഞ്ഞത് 24 മാസമെങ്കിലും വിഹിതം അടച്ചിട്ടുള്ള അംഗത്തിന് മാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. | 5000/- |
| 2 | വൈദ്യ സഹായം | ഗവണ്മെന്റ് ആശുപത്രികളിൽ ചികിത്സക്ക് വിധേയരാകുന്ന അംഗങ്ങൾക്കും അവരുടെ കുട്ടികൾക്കും ആശുപത്രിയിൽ നിന്നും നൽകുന്ന ബിൽ അനുസരിച്ച് മരുന്നിന്റെ വില മടക്കി നൽകുന്നു. | പരമാവധി ഒരു സമയം 200/- രൂപയും ഒരു വർഷം 500/- രൂപയും അനുവദിക്കുന്നു. |
| 3 | ഭവന നിർമ്മാണ വായ്പ | ഏറ്റവും കുറഞ്ഞത് അഞ്ച് കൊല്ലം അംഗത്വം പൂർത്തിയാക്കിയവരും സാധാരണ ഗതിയിൽ കുറഞ്ഞത് 10 വർഷം കൂടി അങ്കണവാടിയിൽ തുടർന്ന് പോകാൻ സാധ്യതയുള്ള അങ്കണവാടി ജീവനക്കാർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. | അവരുടെ ഓണറേറിയത്തിന്റെ 20 ഇരട്ടിയോ, 10000/- രൂപയോ ഇതിൽ ഏതാണ് കുറവ്. |
| 4 | വീടുകൾ പുതുക്കിയ പണിയുന്നതിന് | പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. | അവരുടെ ഓണറേറിയത്തിന്റെ 10 ഇരട്ടിയോ, 5000/- രൂപയോ ഇതിൽ ഏതാണ് കുറവ്. |

Sd/-

| | | | |
|---|---|---|---|
| 5 | വിവാഹ വായ്പ | കുറഞ്ഞത് 24 മാസമെങ്കിലും തുടർച്ചയായി വിഹിതം അടച്ചിട്ടുള്ള അംഗത്തിനും അവരുടെ മക്കൾക്കും വായ്പ നൽകുന്നു. | 2000/- |
| 6 | വിദ്യാഭ്യാസ വായ്പ | അംഗങ്ങളുടെ മക്കൾക്ക് എസ് എസ് എൽ സി ക്ക് മുകളിലോട്ടുള്ള വിദ്യാഭ്യാസത്തിനായി ക്ഷേമനിധിയിൽ നിന്നും വായ്പ അനുവദിക്കുന്നു. | 1000/- |
| 7 | കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് പ്രോത്സാഹനം | എസ് എസ് എൽ സി പരീക്ഷയിൽ 60 ശതമാനമോ അതിൽ കൂടുതലോ മാർക്കോടെ വിജയികളാകുന്ന അംഗങ്ങളുടെ കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നല്കുന്നു. | 1000/- |

സെക്ഷൻ ഓഫീസർ